

# ഇതൾ

ലിറ്റിൽ കൈറ്റ്സ്

ജി എച്ച് എസ് എസ് പരപ്പ

## ആശംസ



ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലത്ത് സർഗാത്മക പ്രവർത്തനവും, സാംസ്കാരിക പ്രവർത്തനവും പുതുവഴികൾ തേടുകയാണ്. പുതുതലമുറ സോഷ്യൽ മീഡിയയിൽ അഭിരമിക്കുമ്പോൾ ചതിക്കുഴികളിൽ പതിക്കാതെ നേരിന്റെ പാതകൾ തേടാനും അവരുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കാനും അനന്തമായ സാധ്യതകൾ കമ്പ്യൂട്ടർ സാങ്കേതികവിദ്യകൊണ്ട്കേരളത്തിലെ സ്കൂൾ കുട്ടികളുടെ ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയും വിവരസാങ്കേതികവിദ്യ പഠനത്തിനുള്ള വിവിധമായ ക്യാൻവാസുകളും ക്യാൻവാസ് ഒരുക്കുന്നു.

എല്ലാം ഡിജിറ്റൽ ആവുന്ന കാലത്ത് ജിഎച്ച്എസ്എസ് പരപ്പയിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളും കൂട്ടുകാരുടെ കുഞ്ഞുരചനകൾ ഡിജിറ്റൽ മാഗസിനിലൂടെ പ്രകാശിപ്പിക്കുകയാണ്. അവരുടെകുഞ്ഞു പട്ടങ്ങൾ അനന്തവിഹായുസ്സിൽ പാറിപറക്കട്ടെ അഭിനന്ദനങ്ങൾ ആശംസകൾ.....

**ജനാർദ്ദനൻ പി**
**ഹെഡ്മാസ്റ്റർ**

## ആശംസ



വിവരസാങ്കേതിക രംഗത്ത് ആധുനിക ലോകം അത്ഭുതാവഹമായ നേട്ടം കൈവരിച്ച കൊണ്ടിരിക്കുന്ന വിസ്മയിപ്പിക്കുന്ന ഒരു കാഴ്ചയാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് നമ്മുടെ നാടും ഒട്ടും പിന്നിലല്ല തന്നെ. അത് ഇന്ന് ' നിർമിത ബുദ്ധി' എന്ന അതിനൂതനമായ സാങ്കേതികവിദ്യയിലെത്തി നിൽക്കുന്ന അഭിമാനാർഹമായ കാലത്തിലൂടെയാണ് നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. കുട്ടികളിൽ സാങ്കേതികവിദ്യയിലുള്ള താൽപര്യം ജനിപ്പിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാനുതകുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ ലിറ്റിൽകൈറ്റ്സിൻെറ നേതൃത്വത്തിൽ നടന്നു പോരുന്നു. നമ്മുടെ സ്കൂളിലെ മിടുക്കരായ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ അവരുടെ സൃഷ്ടികളുടെ ഒരു സമാഹാരം പുറത്തിറക്കുന്ന എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഈ ഉദ്യമത്തിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

**വി.കെ പ്രഭാവതി**
**സീനിയർ അസിസ്റ്റൻ്റ് ഹൈസ്കൂൾ വിഭാഗം**

## ആശംസ



ഹൈടെക് ആയി മാറിയ പൊതു വിദ്യാലയങ്ങളിലെ സജീവ സാന്നിധ്യമാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്.ഇതിൻെറ ഭാഗമായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ വളരെ ഉപകാരപ്രദമായിരിക്കും. ഇതിൻെറ പിന്നിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് അഭിനന്ദനങ്ങൾ..,
തുടർ പ്രവർത്തനങ്ങൾക്കും ഡിജിറ്റൽ മാഗസിനും ആശംസകൾ ...

**രജിത കെ വി**
**എസ്.ഐ.ടി.സി**

# ആമുഖം

വളർന്നു വരുന്ന നമ്മുടെ കുട്ടികളുടെ ഉള്ളിലുറങ്ങുന്ന ഭാവനകളെ ഉണർത്തി കൊണ്ടു വരിക എന്ന ചെറിയ ലക്ഷ്യത്തോടൊപ്പം ലിറ്റിൽ കൈറ്റ് എന്ന കുട്ടികളുടെ തന്നെ കൂട്ടായ്മയിലൂടെ സാങ്കേതിക വിദ്യയുടെ മികവ് പുറത്ത് കൊണ്ടുവരാനും വേണ്ടി ഒരുങ്ങിയ ഡിജിറ്റൽ മാഗസിൻ "ഇതൾ" . ഇത് ഇന്നത്തെ ഓൺലൈൻ സാമൂഹിക മാധ്യമ സൗഹൃദങ്ങളെക്കാളുപരി വിദ്യാലയങ്ങളിലെ സൗഹൃദവും കൂട്ടായ്മയും നിലനിർത്താനും നാളെയുടെ പ്രതീക്ഷകൾ കാത്തുസൂക്ഷിക്കാനുമുള്ള ഒരു കൊച്ചു ചെപ്പാണ് . ഉടയാതെ കാത്തുസൂക്ഷിക്കുമെന്ന പ്രതീക് ഷ യോടെ....

**സുനിത ഏ വി**
**കൈറ്റ് മിസ്ട്രസ്**

# എഡിറ്റോറിയൽ



*ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്*

കഥ

# കുഞ്ഞു പൂവിന്റെ സങ്കടം



ശ്രേയ പാർവ്വതി 6C

മുഖത്ത് വെള്ളം വീണപ്പോൾ കുഞ്ഞു പൂവ് തലയുയർത്തി
"ആരാണ് എൻറെ ദേഹത്ത് വെള്ളം ഒഴിച്ചത്?" അവൾ വേലക്കാരൻ വേലുവിനെ നോക്കി പുഞ്ചിരിച്ചു.

ശൂന്യമായ ശാന്തമായ നീലാകാശത്തേക്ക് അവൾ കൺമഴിച്ചു നോക്കി. തിളങ്ങുന്ന ഓറഞ്ച് നിറത്തിലുള്ള കുപ്പായമിട്ട് കണ്ണെഴുതി പൊട്ടുതൊട്ട് മുഖത്ത് ചായവും തേച്ച് ഒരു കൊച്ചു സുന്ദരിക്കുട്ടിയെപോലെ അവൾ ഒരുങ്ങി നിന്നു വെറും പൂവെന്ന് അവളെ വിളിക്കാൻ കഴിയില്ല സുന്ദരിയായ ഒരു കുഞ്ഞു പൂവ് ആരെയും കണ്ണഞ്ചിപ്പിക്കുന്ന അവൾ ആ പൂന്തോട്ടത്തിലെതന്നെ ഏറ്റവും മനോഹരിയായ പൂവാണ്.

ഇന്ന് അവളുടെ അടുത്ത് കിന്നരിക്കാൻ ഒരുപാട് പേർ വരുന്നുണ്ട് കുഞ്ഞിക്കുരുവികളും മഞ്ഞ പാപ്പാത്തിമാരും, പല വർണ്ണ ശലഭങ്ങളും ,കറുമ്പൻ വണ്ടുകളും ,തേനീച്ച കൂട്ടുകാരും അങ്ങനെയങ്ങനെ ഒരുപാട് പേർ. അവൾ ആകാംക്ഷയോടെ അവരെ കാത്തുനിൽക്കുകയാണ്

കുഞ്ഞിപ്പൂവിന്റെ ഉറ്റ ചങ്ങാതി മഞ്ഞക്കുരുവിയാണ്. അവൾ ഒരുപാട് നേരം കുശലം പറഞ്ഞുകൊണ്ടിരുന്നു. സൂര്യൻെറ ചൂട് കൂടിക്കൂടിവന്നു. പൂന്തോട്ടത്തിന്റെ അരികിലൂടെ മീനൂട്ടിയും അവളുടെ അമ്മയും വീട്ടുമുറ്റത്തേക്ക് കയറി വന്നു. അവർ വഴിപോക്കരാണ്.
"ആരെങ്കിലും ഉണ്ടോ ഇവിടെ?"
വീട്ടുടമയുടെ ഭാര്യ അകത്തുനിന്ന് പുറത്തേക്ക് ഇറങ്ങിവന്നു.
" അല്പം വെള്ളം വേണമായിരുന്നു ദാഹിച്ചിട്ട് വയ്യ" അവർ രണ്ടുപേരും വെള്ളം കുടിച്ചു.

മീനൂട്ടി ആ കുഞ്ഞു പൂവിനെ നോക്കിക്കൊണ്ടിരുന്നു. അവളുടെ മനസ്സിൽ ഒരു കുഞ്ഞ് ആഗ്രഹം പൊട്ടിമുളച്ചു ഒന്ന് ആ കുഞ്ഞു പൂവിനെ തൊട്ടിരുന്നെങ്കിൽ. അവൾ ആ പൂവിൻെറ അടുത്ത് ഓടിയെത്തി അതിനെ തൊട്ടു .
"ഹായ് എത്ര ഭംഗിയുള്ള പൂവ് "

"ആരാ എൻറെ പൂവ് പറിക്കുന്നത്" ഭീകരമായ ശബ്ദം കേട്ട് മീനൂട്ടി തിരിഞ്ഞുനോക്കി അവൾ നന്നായി പേടിച്ചു. കൊമ്പൻ മീശയുള്ള ഒരാൾ... ആ വീടിൻെറ ഉടമസ്ഥൻ.

"വീട്ടിലേക്ക് വന്നാൽ വന്ന കാര്യം കഴിഞ്ഞു പോകുക അല്ലാതെ പൂവിനെയൊന്നും തൊടാൻ നിൽക്കേണ്ട"

വീട്ടുടമസ്ഥൻെറ ദേഷ്യത്തോടെയുള്ള അലർച്ച കേട്ട് അവൾ പേടിച്ചുപോയി.

"ഈ പൂവിൻറെ വിത്ത് തരുമോ?" മീനൂട്ടിക്കുവേണ്ടി അമ്മമ്മ ചോദിച്ചു.

" അതിനു വിത്തൊന്നുമില്ല വെള്ളം കുടിക്കാൻ വന്നാൽ വെള്ളം കുടിച്ചിട്ട് പോവുക"

മീനുട്ടിക്ക് വളരെ സങ്കടമായി അമ്മമ്മ അവളുടെ കൈപിടിച്ച് വലിച്ചു കൊണ്ടു പോയി. പോകുമ്പോഴും അവൾ തിരിഞ്ഞു നോക്കിക്കൊണ്ടിരുന്നു കുഞ്ഞു പൂവിനെ തന്നെ........

അവളുടെ ചുവന്നുതുടുത്ത ആ കവിളിലൂടെ കണ്ണുനീർ വീഴുന്നുണ്ടായിരുന്നു. വീട്ടുടമസ്ഥൻ പരിഹാസത്തോടെ പറഞ്ഞു

"അല്ല ഞാൻ പൂവ് വളർത്തുന്നത് വഴിപോക്കർക്ക് കൊടുക്കാനല്ല ഈ പൂവ് ഇവിടെ ഇരുന്നാൽ മതി"

ഇത് കണ്ടപ്പോൾ കുഞ്ഞു പൂവിന് വളരെ സങ്കടം തോന്നി .സങ്കടത്താൽ അവൾ തലതാഴ്ത്തി. ഉറ്റ ചങ്ങാതിയായ മഞ്ഞക്കുരുവി ചോദിച്ചു.

"എന്തുപറ്റി ചങ്ങാതി എന്താ സങ്കടപ്പെട്ടിരിക്കുന്നത് "കുഞ്ഞു പൂവ് തലയുയർത്തിയില്ല

"സ്വാർത്ഥൻ........

"നീചൻ........... എന്താ അയാളെ ഞാൻ വിളിക്കേണ്ടത് ചങ്ങാതി? ഞാൻ എന്തിന് ഇവിടെ കഴിയണം? അല്ലെങ്കിലും ഞാൻ കൊഴിഞ്ഞു പോകാറായി........ എനിക്ക് ഒരാഗ്രഹമുണ്ട്....... എല്ലായിടത്തും എത്തണം. ഞാനിവിടെ നിൽക്കുമ്പോൾ എന്നെക്കണ്ട് എത്ര ആൾക്കാർ, ആൾക്കാർ പോട്ടെ എത്ര കുട്ടികൾ എന്നെ കണ്ടു സന്തോഷിക്കുന്നു. അപ്പോൾ ഞാൻ ഈ ലോകം മുഴുവനായാലോ... മീട്ടിയെ പോലുള്ള കുട്ടികൾ എന്നെ കണ്ട് എത്ര സന്തോഷിക്കും എത്ര കുരുവികളും ,എത്ര ചിത്രശലഭങ്ങളും എൻറെ കൂട്ടുകാരായി ഉണ്ടാകും. കുട്ടികളുടെ മുൻപിൽ എനിക്ക് ഉല്ലസിച്ച് കളിക്കാം. എന്ത് രസമായിരിക്കും അത് ഒന്നുമില്ല, എല്ലാം ആഗ്രഹം മാത്രമായി"

"വിഷമിക്കേണ്ട ചങ്ങാതി നിന്നെ ഞാൻ ലോകം മുഴുവൻ എത്തിക്കും നിൻറെ വിത്ത് ഞാൻ എല്ലായിടത്തും എത്തിക്കും അല്ലാതെ പിന്നെ എന്തിന് ഞാൻ നിന്റെ ഉറ്റ ചങ്ങാതിഎന്നു പറയുന്നത്?"

കുഞ്ഞിപ്പൂവിന് സന്തോഷമായി അവൾ പതുക്കെ പതുക്കെ വാടാൻ തുടങ്ങി. അടുത്ത ദിവസം മഞ്ഞകുരുവി വരുമ്പോഴേക്കും കുഞ്ഞ് പൂവ് തൻറെ വിത്തെല്ലാം താഴെയിട്ട് വാടിക്കരിഞ്ഞിരുന്നു. പിന്നീട് അവൾ ശാന്തമായ സ്വാർത്ഥതയില്ലാത്ത കുഞ്ഞുങ്ങളുടെ ലോകത്തേക്ക്...... അങ്ങനെ അവൾ പറന്നുപോയി......

യാത്രാവിവരണം

## കുളമാവിലേക്ക് ഒരു യാത്ര



അഭിനന്ദ് വി എ 9C

യാത്രകളും കാഴ്ചകളും ഏറെ ഇഷ്ടപ്പെടുന്ന എനിക്കും സഹോദരനും ഇടുക്കി കുളമാവ് വനത്തിലൂടെയുള്ള യാത്രയ്ക്ക് അവസരം ഒരുക്കി തന്നത് എന്റെ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്ന എൻ.സി.സി യൂണിറ്റാണ്. വളരെ നല്ല താല്പര്യത്തോടെ എൻ.സി.സിയുടെ പ്രവർത്തനവുമായി മുന്നോട്ടു പോകുന്ന ഞങ്ങൾക്ക് ഓൾ ഇന്ത്യ ട്രക്കിംഗ് ക്യാമ്പിന് അവസരമുണ്ടെന്ന് ഞങ്ങളുടെ ടീച്ചർ അറിയിച്ച ദിവസം മുതൽ യാത്രയെക്കുറിച്ച് ചിന്തിച്ച് സന്തോഷത്തിന്റെയും ആകാംക്ഷയുടെയും തിരകൾ ഉയരാൻ തുടങ്ങി. പൊതുവെ യാത്രകൾ ഇഷ്ടപ്പെടുന്ന ഞാൻ ആദ്യ ദിവസത്തിനായി കാത്തിരുന്നു. ഒടുവിൽ ആ ദിവസം വന്നെത്തി.

ഡിസംബർ 22 മുതൽ 29 വരെ നടക്കുന്ന ക്യാമ്പിൽ അഞ്ച് സംസ്ഥാനങ്ങൾ പങ്കെടുക്കുന്നുണ്ട്. കാലിക്കറ്റ് ഗ്രൂപ്പിൽ നിന്ന് ജൂനിയർ സീനിയർ കേഡറ്റുകൾ 25 പേർ പങ്കെടുക്കുന്നുണ്ടെന്ന് ജയകൃഷ്ണൻ സാർ ഉണ്ടാക്കിയ വാട്സ്ആപ്പ് ഗ്രൂപ്പിൽ നിന്ന് മനസ്സിലായി. 22 ആം തീയതി യാത്ര പുറപ്പെടാനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തി സാർ അയച്ചുതന്ന ട്രെയിൻ ടിക്കറ്റ് എന്നിവ കരുതി സൂര്യോദയത്തിനു മുമ്പ് അച്ഛൻ, അച്ഛമ്മ ,അമ്മ എന്നിവരോടൊപ്പം ഓട്ടോയിൽ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിലേക്ക് പുറപ്പെട്ടു. തിരക്കിട്ട് ലഗേജുകളും ആയി കടന്നുപോകുന്ന നിരവധി യാത്രക്കാരെ കാണാൻ കഴിഞ്ഞു. ഞങ്ങളുടെ സീനിയർ അണ്ടർ ഓഫീസർ സജീവ് കുമാർ ഞങ്ങളെ സ്വീകരിച്ചു സജീവ് സീനിയർ നല്ല അച്ചടക്കബോധമുള്ള നല്ല പെരുമാറ്റമുള്ള, കണ്ടാൽ സല്യൂട്ട് ചെയ്യാൻ തോന്നുന്ന സ്നേഹമുള്ള സീനിയറാണ്. മക്കളെല്ലാം കണ്ടും കേട്ടും അനുഭവിച്ചും പഠിക്കട്ടെ എന്ന് വിശ്വാസത്തോടെ അമ്മയും അച്ഛനും സജീവിനൊപ്പം ഞങ്ങളെ യാത്രയാക്കി

ഡിസംബർ 22 ആം തീയതി 6:00 മണിക്ക് കാഞ്ഞങ്ങാട് നിന്ന് ചരിത്രപുരുഷനായ പരശുരാമൻറെ പേരിലുള്ള പരശുരാം എക്സ്പ്രസിൽ യാത്ര പുറപ്പെട്ടു. വയലുകൾ തോടുകൾ പുഴകൾ മലകൾ പിന്നിട്ടു പോയിക്കൊണ്ടിരുന്നു. പുലർവേളയിൽ ഗ്രാമങ്ങൾ ഉണരുന്നതും നഗരങ്ങൾ തിരക്കിലേക്ക് മാറുന്നതുമായ ദൃശ്യങ്ങൾ കാണാൻ സാധിച്ചു. വഴിയോരങ്ങളിൽ റോഡുകൾ ,പാലങ്ങൾ എന്നിവയ്ക്കായി പടുകൂറ്റൻ യന്ത്രങ്ങളുടെ താണ്ഡവം കാണാൻ സാധിച്ചു. പല സ്റ്റേഷനിൽ നിന്നും നമ്മുടെ കേഡറ്റുകൾ യാത്രയോടൊപ്പം ചേർന്നു. ക്യാമ്പിന്റെ ഗൗരവം മനസ്സിലാക്കി ട്രെയിൻ ഭക്ഷണം ഒന്നും വാങ്ങി കഴിച്ചില്ല. ഭക്ഷണം വെള്ളവും വിൽക്കാനായി

മത്സരിക്കുന്ന ജോലിക്കാരുടെ സാന്നിധ്യം ഞങ്ങൾ ഗൗനിച്ചതേയില്ല. ഞങ്ങൾ 25 പേരും കയ്യിൽ കരുതിയ ഭക്ഷണം പങ്കിട്ട് ,സ്നേഹ സൗഹൃദം പങ്കിട്ട് മൂന്നുമണിക്ക് എറണാകുളം സ്റ്റേഷനിൽ ഇറങ്ങി. ഇതിനിടയിൽ ഫോട്ടോയെടുക്കാനും ഗ്രൂപ്പിൽ ഷെയർ ചെയ്യാനും മറന്നില്ല .

ജയകൃഷ്ണൻ സാർ തുടർന്നുള്ള യാത്രയെപ്പറ്റി സംസാരിച്ചു മൂന്ന് മണിക്കൂർ യാത്ര ചെയ്താൽ കുളമാവിലെത്തും. ട്രെയിനിൽ നിന്ന് ഇറങ്ങി ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചു ആകാംക്ഷയോടെയുള്ള യാത്രയായതിനാൽ വിശപ്പ് ക്ഷീണം എന്നിവ വിസ്മരിച്ചിരുന്നു. അതിനുശേഷം ആർമി ട്രക്കിൽ കെഎസ്ആർടിസി സ്റ്റാൻഡിലേക്ക് പോയി അവിടെനിന്ന് തൊടുപുഴയിലേക്ക് ട്രാഫിക്കിൽപ്പെട്ട് നിരങ്ങി നീങ്ങി. അവിടെനിന്ന് കെഎസ്ആർടിസി ബസ്സിൽ ചുരം കയറി കുളമാവിലേക്ക് ഞങ്ങളോടൊപ്പം മഹാരാഷ്ട്ര കാഡറ്റ്സ്-20 യാത്രയിൽ ചേർന്നു വളഞ്ഞുപുളഞ്ഞുള്ള ചുരം കയറി ഏറെ അത്ഭുതത്തോടെയും സന്തോഷത്തോടെയും ഭയത്തോടും കൂടി ആസ്വദിച്ച് വണ്ടി ഓടിക്കുന്ന ഡ്രൈവറെ ഞങ്ങൾ വളരെ കൗതുകത്തോടെ നോക്കി. ചുരം കയറും തോറും പുറകോട്ട് തിരിഞ്ഞ് താഴ്വരകളുടെ ഭംഗി ആസ്വദിച്ചു.

അങ്ങനെ കുളമാവ് ജവഹർ നവോദയ വിദ്യാലയത്തിൽ എത്തിച്ചേർന്നു. വിശദമായ പരിശോധനയ്ക്ക് ശേഷമാണ് അകത്തു കയറ്റിവിട്ടത് തുറന്നുള്ള പരിശോധന വേറിട്ട അനുഭവമായി തോന്നി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഹോസ്റ്റൽ സൗകര്യവും ഉള്ള സ്കൂൾ ആയിരുന്നു അത്. കേരള, കർണാടക, ലക്ഷദ്വീപ്, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള 510 കേഡറ്റുകൾ അടങ്ങിയ ക്യാമ്പ് ആയിരുന്നു ഞങ്ങളുടേത്. അതുകൊണ്ടുതന്നെ വൈവിധ്യങ്ങളായ ഭക്ഷണസാധനങ്ങളുടെ കലവറയായിരുന്നു ഭക്ഷണശാല. പരിപ്പ്, ചപ്പാത്തി തുടങ്ങിയവ നിർബന്ധഭക്ഷണ വിഭവമായിരുന്നു. എല്ലാം വളരെ നന്നായി ആസ്വദിക്കാൻ സാധിച്ചു .

വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വന്ന ഉയർന്ന ഓഫീസർ, പി ഐ സ്റ്റാഫുകൾ, കേഡറ്റുകൾ എന്നിവരെയെല്ലാം ചേർന്നുള്ള പരേഡുകളും പ്രോഗ്രാമുകളും ക്രിസ്മസ് ആഘോഷങ്ങളും നിറഞ്ഞ ക്യാമ്പ് വളരെ അച്ചടക്കത്തോടെയും കൃത്യനിഷ്ഠതയോടെയും കൂടി കടന്നുപോയി. ഓരോ ദിവസം സന്തോഷത്തോടും ആകാംക്ഷയോടും കൂടി കടന്നുപോയി വനത്തിലൂടെയുള്ള യാത്രയ്ക്ക് 4 ദിവസം കിട്ടി. ഓരോ ദിവസവും 12 കിലോമീറ്റർ യാത്ര കുളമാവിന്റെ ഗ്രാമീണതയിലൂടെ ഗ്രൂപ്പുകളായി തിരിഞ്ഞ് ഞങ്ങൾ യാത്ര പുറപ്പെട്ടു. മഞ്ഞും തണുപ്പും ഞങ്ങൾക്ക് അകമ്പടിയേകി. ട്രെക്കിങ് സ്യൂട്ട് ധരിച്ച് കൃഷിയിടങ്ങൾ, ഇടയ്ക്കിടെയുള്ള വീടുകൾ, മഞ്ഞു മൂങ്ങിയ പ്രദേശങ്ങൾ എന്നിവയിലൂടെ പ്രകൃതി ഭംഗി ആസ്വദിച്ച് കടന്നുപോയി. പക്ഷേ മൃഗങ്ങളെ അധികം കാണാൻ സാധിച്ചില്ല വൃക്ഷങ്ങൾ പുൽമേടുകൾ, തടാകങ്ങൾ, വ്യൂ പോയിന്റുകൾ എന്നിവ മനസ്സിന് കുളിർമയേകി. നിരയൊത്ത തേയില തോട്ടങ്ങളെ കൺകുളിർക്കെ കാണാൻ സാധിച്ചു. അട്ടകളെ കാണാൻ സാധിച്ചു വിവിധ രൂപത്തിലുള്ള തടാകങ്ങൾ വിസ്മയകരമായി തോന്നി. ചെറുതോണി ഡാം, കുളമാവ് ഡാം,

ഇടുക്കി ഡാം ഇവയെല്ലാം അത്ഭുതകരമായി തോന്നി. കുളമാവ് യാത്ര ഏറെ സന്തോഷം നിറഞ്ഞതും സാഹസികവും ആയിരുന്നു. ഭാഷയോ വേഷമോ ഭക്ഷണമോ ഒന്നും ഒരു നേട്ടങ്ങൾക്കും തടസ്സമാവില്ലെന്ന് ഈ യാത്രയിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു. സ്നേഹവും സൗഹൃദവും കഠിനാധ്വാനവും ചെയ്യാനുള്ള മനസ്സും ഉണ്ടെങ്കിൽ നമുക്ക് എവിടെയും വിജയം നേടാൻ സാധിക്കുമെന്ന് ഈ യാത്രയിൽ മനസ്സിലാക്കാൻ സാധിച്ചു.

ഞങ്ങളുടെ ആഗ്രഹത്തിന്റെയും കഠിനപ്രയത്നത്തിന്റെയും ഫലമായി ഈ ക്യാമ്പിൽ ബെസ്റ്റ് പെർഫോമൻസ് അവാർഡ് നേടാൻ സാധിച്ചു. സ്നേഹവും സൗഹൃദവും നിറഞ്ഞ ക്യാമ്പ് അവസാനിക്കുമ്പോൾ എന്തെന്നില്ലാത്ത വിഷമം തോന്നി ഞങ്ങളുടെ സ്വപ്നയാത്ര സഫലമായി ഡിസംബർ 20 ന് വീട്ടിലേക്ക് മടങ്ങി.



**തനുഷ കെ 5B**



കഥ



# ഒരു യാമത്തിൽ !

അൽഫോൻസ എയ്ഞ്ചൽ 8C

നിഴൽ നീണ്ട യാമങ്ങളിൽ എവിടെ നിന്നോ പൊട്ടിപ്പുറപ്പെട്ട പ്രകാശത്തിന്റെ നിഴൽ കൊണ്ട് നീണ്ടു വിസ്തൃതമായി കിടക്കുന്ന ഒരു കൊടും കാട് ,നിറയെ സസ്യ ജന്തുജാലങ്ങൾ ഇണങ്ങിയും പിണങ്ങിയും ജീവിച്ച പ്രകൃതിയെന്ന സ്വർഗ്ഗത്തിന്റെ ഒരു ചെറിയ ഭാഗം. മുത്തശ്ശി മാവിന്റെ മരത്തിലെല്ലാം പാടി പറക്കുന്ന കിളികൾ, മാമ്പഴം രുചിക്കുന്ന അണ്ണാൻ എല്ലാം സ്വസ്ഥമായി കഴിഞ്ഞിരുന്ന കാലത്താണ് മൃഗങ്ങളായ മനുഷ്യരുടെ കടന്നു കയറ്റം. വിസ്തൃതമായ ആ സ്വർഗത്തിലേക്ക് കട്ടുറുമ്പുകൾ എന്നപോലെ കുഞ്ഞനണ്ണനും കൂട്ടുകാരും മാമ്പഴം കടിച്ചും കൂട്ടുകാരോടൊപ്പം കളിച്ചുകൊണ്ട് നിൽക്കുമ്പോഴാണ് ആ കഠിനമായ ശബ്ദം കേട്ട് കൂട്ടുകാരെല്ലാം ഇരുദിക്കുകളിലോടിയകന്നത് .അണ്ണാൻ മാത്രമൊറ്റക്കായി .മനുഷ്യരുടെ കടന്നുകയറ്റം അവന് സഹിക്കാവുന്നതിനപ്പുറമായിരുന്നു .മരങ്ങൾ വെട്ടിമാറ്റി പുഴനികത്തി. ആവാസ വ്യവസ്ഥകൾ നഷ്ട്ടപ്പെട്ടു .അവൻ അവന്റെ പ്രിയ കാമുകിയെയും അമ്മയെയും നഷ്ടമായി .മൃഗങ്ങളായ മനുഷ്യർ അവന്റെ പിറന്ന നാടിനെ ചുട്ടെരിച്ചു .ഈ കഠിനമായ ദൃശ്യത്തിന് സാക്ഷിയായി .ആ തരിശു ഭൂമിയിൽ അവൻ മാത്രം ബാക്കിയായി .നാളുകൾക്ക് ശേഷം അവൻ മണ്ണോടലിഞ്ഞു .






**അലോക് ചന്ദ് 6B**





**ഹരിനന്ദ് 6B**

**കവിത**

## മരണമൊഴി

മല ഇടിഞ്ഞു നിരപ്പാവുന്നതിനു മുൻപും
പുഴ വറ്റിത്തീരുന്നതിനു  മുൻപും  മരണമൊഴി
കൊടുത്തിട്ടുണ്ട് മനുഷ്യനെതിരെ



**സമന്വജ് 9C**

## അറിവ്

പൊട്ടാൻ വെമ്പിയിരുന്ന പലതും
നീർക്കുമിളകളായിരുന്നെന്നു തോന്നിയ നേരം
ഞാനൊന്നു  ചിരിച്ചു.....
പിന്നെയും  കണ്ടു പല കാഴ്ചകളും ........



**(അധ്യാപിക)**

**കഥ**

## "" നെരിപ്പോട് ""



**ബിജു തോമസ്(അധ്യാപകൻ)**

ശരീരം മുഴുവൻ നല്ല വേദന. ഇന്നെന്താ പറ്റിയത്?ഇന്നലെ കിടക്കുമ്പോൾ നേരിയ ചൂടും തലവേദന യും ഉണ്ടായിരുന്നു. അതിന്റെ ആയിരിക്കും. പിന്നെ പ്രായം 60 നോട് അടുത്ത് ആയില്ലേ?വല്ലായ്മ കൾ സ്വാഭാവികം. ഞാൻ മൂടി പുതച്ച് കിടന്നു. "ഇന്നെന്താ എഴുന്നേൽക്കുന്നില്ലേ? റബർ വെട്ടാൻ പോകണ്ടേ? ".ഭാര്യയുടെ ആശങ്ക മനസ്സിലായി. "നല്ല സുഖമില്ല. പനി ഉണ്ട്"."ഇനി ഇപ്പൊ എല്ലാർക്കും വരും. വല്ല കോവിഡോ മറ്റോ ആണെങ്കിൽ പണി കിട്ടിയത് തന്നെ .നിങ്ങൾ ആ മാസ്ക് എടുത്തു വെക്ക്. ".അടുക്കളയിൽ നിന്ന് ഭാര്യ യുടെ ഉപദേശം പുതപ്പ്ന്റെ ഇടയിലൂടെ കേട്ടു. .ചില അവസരങ്ങളിൽ മൗനം വലിയ ഗുണം ചെയ്യും എന്ന് അനുഭവം പഠിപ്പിച്ച് തന്നത് കൊണ്ടും ക്ഷീണം കൊണ്ടും ഞാൻ മൗനം പാലിച്ചു.

"ഞാൻ ഇന്ന് രാജി ടീച്ചർ ന്റെ മോളുടെ കല്യാണത്തിന് പോകുവാ .ചൂട് കഞ്ഞി വെച്ചിട്ട് ഉണ്ട്. എഴുന്നേൽക്കു മ്പോൾ കഴിച്ചോ. കുറവു ഇല്ലെങ്കിൽ ആശുപത്രിയിൽ വൈകിട്ട് പോകാം." "ഞാൻ ഒന്നും മിണ്ടിയില്ല. ജനിച്ചതും ജീവിച്ചതും ഒരർത്ഥത്തിൽ ഒറ്റക്ക് തന്നെ ആയിരുന്നില്ലേ. ഇനി പോകേണ്ടതും അങ്ങനെ തന്നെ അല്ലേ.ജീവിത യാത്രയിൽ ആരൊക്കെയോ എപ്പോഴൊക്കെയോ ഒന്നിച്ചു കൂടി. എന്തായാലും അവരെ ഒക്കെ ചേർത്തു പിടിച്ചു ഇത്രയും കാലം ഓടിയപ്പോൾ സ്വന്തം കാലുകൾ ശോഷിച്ചു പോകുന്ന തും കരങ്ങൾ തളർന്ന് പോകുന്നതും നോക്കാൻ പറ്റിയില്ല. പക്ഷേ സംതൃപ്തി ഉണ്ട്. എല്ലാരേയും നെഞ്ചോടു ചേർത്തു നാളിതുവരെ ഓടാൻ സാധിച്ചു ചിന്തകൾ കാടു കയറുന്നു.

"കുറവു ഉണ്ടോ?"മോൻ ആണ്. മൂപ്പർ എഴുന്നേറ്റു വരുന്ന രംഗം ആണ്. എങ്ങനെ അറിഞ്ഞോ എന്തോ. "ഹോസ്പിറ്റൽ ഇൽ പോകേണ്ടി വരും എന്ന് തോന്നുന്നു. ഇങ്ങനെ പതിവ് ഇല്ലല്ലോ " ഞാൻ പറഞ്ഞു. "paracetamol ഉണ്ട്. ഒരെണ്ണം കഴിച്ചു നോക്ക്. പൊക്കോളും. ഇല്ലെങ്കിൽ വൈകിട്ട് പോകാം. രാവിലെ എനിക്ക് യൂത്ത് ന്റെ മീറ്റിംഗ് ഉണ്ട്. പോകാതെ ഇരിക്കാൻ പറ്റില്ല. "

" എനിക്ക് വലിയ കുഴപ്പം ഇല്ല. കുറഞ്ഞ് ഇല്ല എങ്കിൽ പോയാൽ മതി."

ആളനക്കം ഒഴിഞ്ഞു വന്നപ്പോൾ ഞാൻ എഴുന്നേറ്റു ഒരു ചൂട് ചായ ഉണ്ടാക്കി കുടിച്ചു. ശരീരം ആകെ വേച്ചു പോകുന്നത് പോലെ തോന്നി. പൂമുഖത്ത് ഫൈബർ കസേരയിൽ ചാഞ്ഞ് ഇരുന്നു ഒന്ന് കണ്ണടച്ചു. ഓർമകൾ കടിഞ്ഞാൺ ഇല്ലാത്ത കുതിര യെ പോലെ ഓടാൻ തുടങ്ങി.വീട്ടിൽ ആർക്കു എങ്കിലും സുഖമില്ല എന്ന് കേട്ടാൽ എത്രയോ തവണ ഞാൻ

ആശുപത്രി യിലേക്ക്  അവരെ കോരിയെടുത്ത് ഓടി ഇരിക്കുന്നു. അര മണിക്കൂർന് ഉള്ളിൽ ആശുപത്രിയിൽ  എത്തിച്ചാണ് പിന്നെ ആശ്വസിക്കുന്നതു. ഇങ്ങനെ ഒക്കെ ആയിരിക്കും ജീവിതം എന്ന് മനസ്സിനെ പറഞ്ഞു  പഠിപ്പിച്ച് പരിദേവനങ്ങള് ഇല്ലാതെ ഞാൻ ആശുപത്രി

ലക്ഷ്യമാക്കി പതുക്കെ ഇറങ്ങി. വളയം പിടിക്കാൻ ഉള്ള കരുത്ത് ഇല്ല. ബസ് തന്നെ ആശ്രയം. ബസ് വന്നു നിന്നപ്പോൾ senior citizen സീറ്റ് ഇൽ ഇരുന്ന യുവാവിന്റെ മുഖം കറുക്കുന്നതു മങ്ങിയ കാഴ്ചയിൽ കണ്ടു. നിവൃത്തിയില്ല . യാത്രയിൽ  റോഡ്ന്റെ ഇരുവശത്തും മണ്ടൻ മാരായ മലയാളികൾ മാനം മുട്ടെ പണിതു ഉയർത്തി ഇരിക്കുന്ന കൊട്ടാര സദൃശമായ വീടുകൾ.... ജീവിതത്തിലെ യൗവനവും സ്വപ്നങ്ങളും മുഴുവൻ ഇങ്ങനെ മണ്ണിൽ കുഴിച്ചു മൂടി, തീരാ കടത്തിന്റെ ആത്മഹത്യ മുനമ്പത്ത് ജീവിക്കുന്ന ഏക മനുഷ്യവംശം മലയാളി മാത്രം.
നീലേശ്വരത്തി ന്റെ രാജ വീഥി യിലൂടെ, വീതി ഇല്ലാത്ത റോഡിലൂടെ ബസ് ബസ്സ്റ്റാൻഡ് ലേക്ക് എത്തി. വിറയ്ക്കുന്നു ഉണ്ടെങ്കിലും കിളിയുടെ പരുഷമായ വാക്കുകൾക്ക് മുമ്പിൽ വിറ യൽ അല്പനേരം ഓടി ഒളിച്ചു. ആശുപത്രിയിലെ കസേരയിൽ ഒറ്റക്കു  ഊഴം കാത്ത് ഇരിക്കുമ്പോൾ ചുറ്റിലും ഒന്ന് നോക്കി. രോഗിക്ക് ഒപ്പം ഒന്നും രണ്ടും പേർ ഉണ്ട്.അവരെല്ലാം വളരെ കരുതലോടെ കൂടെ ഉള്ള രോഗികളെ  പരിചരിക്കുന്നു .എന്റെ ഊഴം വന്നു. കസേരയിൽ നിന്ന് എഴുന്നേറ്റ് നിൽക്കാൻ പറ്റുന്നില്ല. അടുത്തിരുന്ന ആൾ സഹായ ഹസ്തം നീട്ടി. ഡോക്ടർ ചെറുപ്പക്കാരൻ ആണ്. "കൂടെ വന്ന ആളെ വിളിക്ക് "ഡോക്ടർ നഴ്സിനോട് പറഞ്ഞു. "സാറേ കൂടെ ആരും വന്നിട്ടില്ല "ഞാൻ പറഞ്ഞു. "രണ്ട് ദിവസം admit ആകണം. ഒരു കാരണവശാലും ഞാൻ വിടില്ല. വളരെ week ആണ്. വീട്ടിലേക്ക് ഫോൺ വിളിച്ചു വരാൻ പറയൂ "casuality യിൽ പോയി drip ഇട്ടു കിടത്തു ."നഴ്സ് കൈ പിടിച്ചു നടത്തി. ഞാൻ ആകെ ധർമ സങ്കടത്തി ഇൽ ആയി.
"ഞാൻ ആശുപത്രിയിൽ ആണ്. ഒരാൾ കൂടെ വേണം എന്ന് ഡോക്ടർ പറഞ്ഞു. സമയം പോലെ ആരെങ്കിലും വന്നാൽ നന്നായിരുന്നു "ഭാര്യ യുടെ മുഖത്തെ ഭാ വങ്ങൾ മനസ്സിലേക്ക് വന്നു. ഇങ്ങനെ കിടക്കുമ്പോൾ തന്നെ ഒന്നും അറിയാതെ ഈ ലോകം വിട്ടു പോകാൻ കഴിയുന്നതാണ് ഏറ്റവും വലിയ ഭാഗ്യം എന്ന് ആഗ്രഹിച്ചു കണ്ണുകൾ മുറുക്കി അടച്ചു കിടന്നു

കഥ



# കത്തി ജ്വലിക്കാൻ ആഗ്രഹിക്കാതിരുന്ന മരം

എയ്ഞ്ചൽ ജോൺസൺ 9A

എന്റെ പ്രകാശത്തിന്റെ നിഴൽ നാളിക എപ്പോഴും ഇരുട്ട് നിറഞ്ഞതാണ് പക്ഷേ അവിടെ ഒരു കുഗ്രാമത്തിൽ ആകട്ടെ അടക്കിപ്പിടിക്കാൻ കഴിയാത്ത അത്ര ചൂടും തത്ഫലമായ പ്രകാശവും. മാൾട്ടയുടെ ദക്ഷിണ ദിക്കിൽ ആയി കാണപ്പെടുന്ന ഒരു കൊച്ചു ഗ്രാമം 'ലാന്തെ' എന്ന പേരായ അവിടെ കൊടും ക്ഷാമമാണ്. കുടിക്കാൻ ഒരിറ്റു വെള്ളത്തിനായി നാഴികകൾ താണ്ടി പോകേണ്ടിയിരുന്ന അവിടങ്ങളിലെ പാവം വീട്ടമ്മമാർ. അവരുടെ മക്കൾക്ക് കുടിവെള്ളത്തിനു പകരം ഉപ്പു കലർന്ന കണ്ണീരാണ് അവർ നൽകിയിരുന്നത്. അവിടെ വഴിയരികിൽ എങ്ങനെയോ വീഴപ്പെട്ട് വളർന്ന് ശാഖകൾ നിറഞ്ഞ് പുഷ്ടിക്കാൻ ആകാത്ത വിധമുള്ള ഒരു വൃക്ഷത്തിൻെറ തൈ, കൊടും ക്ഷാമം കൊണ്ട് മാത്രം സന്തുഷ്ടമായ ആ ഗ്രാമത്ത് എങ്ങനെ അത് നിലനിൽക്കുന്നു എന്ന് ആർക്കും അറിയില്ല. അത് വളർന്ന വഴിയരികിൽ ആരൊക്കെയോ നൽകിയ പരിചരണവും വീട്ടമ്മമാരുടെ കടാക്ഷമാർന്ന ദാഹജലം കൊണ്ടും അങ്ങനെ. സൂര്യനൊരുനാൾ അതിനോടാചതി ചെയ്യുമെന്ന് ആരുമറിയില്ല അത്രമാത്രം ക്രൂരമായിരുന്നു അത്. സൂര്യന്റെ അടക്കാനാവാത്ത താപം മൂലം സ്വയം ആ മരമിതാ കത്തി നശിക്കുന്നു. ഇത് ആര് ചെയ്തു പാപത്തിന്റെ പ്രതിഫലം ആണെന്ന് ആർക്കും അറിയില്ല. എന്നാലും കത്തി നശിച്ചത് ആ നാടിൻെറ മുഴുവൻ പ്രതീക്ഷയായിരുന്നു. കൊടും ചൂടിനെ ആ മരം എങ്ങനെ ഇത്രകാലം തരണം ചെയ്തു എന്നത് ഇന്നും നിവാസികൾക്കിടയിലെ ഉത്തരമില്ലാത്ത ചോദ്യങ്ങളിലൊന്ന് മാത്രം.



ആനന്ദ് എ വി





ദേവാനന്ദ് പി 9C



കവിത



ഫാത്തിമത്ത് നിൽവ 6C

# കാട്ടുതീ

ഒരു നാൾ കാണാ സ്വർഗമായി
നിന്ന പൊൻനിലയം ഇന്നിതാ
ചൂടിൽ കരിഞ്ഞു വിണു

ഹിമകാറ്റാൽ ആടിയ പുനിലയം ഇന്നിതാ
കൊടും ചൂടായി കരിഞ്ഞുവീണു

ഓടിക്കളിച്ചു നടന്ന മൃഗങ്ങളെലാം
ഇന്ന് ജീവന് വേണ്ടി തുടിക്കുന്നു

പാലുപോലെ ഒഴുകികളിച്ച
പുനദി ഇന്ന് വറ്റി ഉണങ്ങി .....

## ആസ്വാദനക്കുറിപ്പ്



സമന്വജ്.കെ 9C

പ്രശതകവി പി കെ പാറക്കടവിന്റെ പ്രസിദ്ധമായ കവിതയാണ് മരണമൊഴി.മനുഷ്യരെയും മറ്റു ജീവജാലങ്ങളെയും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന പ്രകൃതിയോട് പ്രകൃതിയുടെ മക്കളായ മനുഷ്യർ തന്നെ കാണിക്കുന്ന ക്രൂരതകളെ കുറിച്ചാണ് ഈ കവിതയുടെ ആദ്യഭാഗം മുതൽ അങ്ങേഭാഗം വരെ കവി വരച്ചു കാണിക്കുന്നത്.മനുഷ്യർ പ്രകൃതിയിൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ ഭൂമിയുടെ ഹൃദയത്തിൽ ഏൽപ്പിക്കുന്ന മുറിവുകളാണ് എന്ന് മനുഷ്യർ അറിയുന്നില്ല. പ്രകൃതിയിൽ സ്വയമേധ സൃഷ്ടിക്കപ്പെട്ടിട്ടുള്ള പലപല അത്ഭുതക്കാഴ്ചകളും വരും തലമുറയ്ക്ക് കണ്ടു ആസ്വദിക്കാനും അനുഭവിക്കാനും മനുഷ്യർ ആ നല്ലനല്ല കാഴ്ചകൾ ബാക്കിവെക്കുകയില്ല എന്ന മഹത്തായ സത്യമാണ് പ്രശസ്ത കവി പി കെ പാറക്കടവ് മരണമൊഴി എന്ന കവിതയിൽ വരച്ചു കാട്ടുന്നത്. ഭൂമിയുടെ മഴവെള്ള ശേകരണികളായ മലകൾ ഇടിച്ചു നിരത്തുന്ന മനുഷ്യർക്കും ഭൂമിയുടെ അരഞ്ഞാണുകളായ പുഴകളിലെവെള്ളം ആവിഷത്തിലധികം ഉപയോകിക്കുകയും അവയ്ക്ക് ഭീഷണിയാകുന്ന മനുഷ്യർക്കെതിരെ തന്റെ മരണത്തെ കണ്മുന്നിൽകാണുന്ന നിമിഷത്തിൽ പ്രകൃതി അന്തിവവാക്കുകളായ മരണമൊഴികൾ മനുഷ്യനെതിരെ നൽകിയിരിക്കുന്നു എന്ന് കവി തന്റെ വിരലുകളാക്കുന്ന പേനകൊണ്ട് രക്തമാകുന്ന മഷിയിൽ അടയാളപ്പെടുത്തുന്നു.പ്രകൃതിക്ക് മനുഷ്യരുടെ അസ്സഹനീയമായ ഉപദ്രവങ്ങൾ സഹിക്കാനാവാതെയാണ് പ്രെകൃതിക്ഷോപങ്ങൾ എന്ന രീതിയിൽ അവ തിരിച്ചെടുക്കുന്നത്.






തപസ്യ മോൾ 5B





തനുജ കെ 5B

യാത്രാവിവരണം

# വിസ്മയച്ചെപ്പ് തുറന്നപ്പോൾ .........



മഴ .എസ് 7A

ഞങ്ങൾ കടലാടിപ്പാറയിൽ എത്തുമ്പോൾ സമയം വൈകുന്നേരം 5:00 മണി കഴിഞ്ഞിരു ന്നു. 2024 ജനവരി 24 അതിമനോഹരമായ ഭൂപ്രകൃതി. കൊട്ട മുള്ളുകൾക്കും കാശാവുകാടുകൾക്കും തൊണ്ടിപ്പഴങ്ങൾ തൂങ്ങി നിൽക്കുന്ന വള്ളികൾക്കും ഇടയിലൂടെ, ഉണങ്ങിയ പാറ പുല്ലും പാറപ്പൂവും കണ്ടുകൊണ്ട് ഞങ്ങൾ 50 ഓളം പേർ കുന്നു കയറി മുകളിലെത്തി. ഇടനാടൻ ചെങ്കൽ കുന്നുകളുടെ വശ്യമനോഹരമായ ഭൂപ്രകൃതി. അതിൻെറ എല്ലാ വൈവിധ്യങ്ങളോടും കൂടി ഞങ്ങളെ കടലാടിപ്പാറയിലേക്ക് ക്ഷണിച്ചു.പച്ചപ്പാൽ ഉയർന്നുനിൽക്കുന്ന ഒരു ചെങ്കൽകുന്ന് . അതാണ് കടലാടിപ്പാറ . നൂറുകണക്കിന് ചെടികളെ കൊണ്ടും പൂക്കളെ കൊണ്ടും വ്യത്യസ്ത തരം പക്ഷികളെ കൊണ്ടും അവയുടെ കളകളാരവങ്ങൾ കൊണ്ടും സമ്പന്നമാണ് ഇവിടം.ഭൂമിയുടെ ഒരു കുഞ്ഞ് അരിപ്പ എന്ന് കടലാടിപ്പാ റയെ വിശേഷിപ്പിക്കാം.കടലാടി ചെടികൾ ധാരാളം ഉള്ളതുകൊണ്ടാണ് ഈ പേര് ഈ സ്ഥലത്തിന് കിട്ടിയത് എന്നും ഉയർന്ന പ്രദേശമായതുകൊണ്ട് ഇവിടെ നിന്നാൽ കടൽ കാണാം എന്നതുകൊണ്ടു മാണ് ഈ പേര് ലഭിച്ചതെന്ന് വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട് .അതിമനോഹരമായ ഈ അത്ഭുതത്തിന്റെ ഏറ്റവും മുകളിൽ കയറി നിന്നാൽ വൈകുന്നേരം ഓറഞ്ചും ചുവപ്പും കലർന്ന ആകാശത്തെ നമുക്ക് കാണാൻ കഴിയും. ഈ ആകാശത്തെയും പാറയെയും നിലനിർത്താൻ സമരം ചെയ്ത ഒരു ജനത ഇന്നും ആ പാറയ്ക്ക് കാവലാണ്. ഇന്ത്യയിലെ ഒരു വലിയ ഖനനസ്ഥാപനമായ 'ആഷാപുര ' എന്ന കമ്പനി ബോക്സൈറ്റ് ഖനനത്തിനായി നടത്തിയ ശ്രമത്തെ വർഷങ്ങൾ നീണ്ട ചെറുത്തുനിൽപ്പിലൂടെ തോൽപ്പിച്ച ചരിത്രം ഇവിടെയുണ്ട്. അതുകൊണ്ടുതന്നെ ജൈവവൈവിധ്യവും സൂര്യാസ്തമയവും സൗന്ദര്യവും ഇന്നും നിലനിൽക്കുന്നു.പരപ്പ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഇക്കോ ക്ലബ്ബിന്റെയും ദേശീയ ഹരിത സേനയുടെയും (NG C) നേതൃത്വത്തിൽ വിദ്യാലയത്തിലെ അമ്പതോളം കുട്ടികൾ പരിസ്ഥിതി ക്യാമ്പിനായി ഇവിടെ ഒത്തുകൂടുകയായിരുന്നു.കേരളത്തിലെ അറിയപ്പെടുന്ന പക്ഷി നിരീക്ഷകനും പരിസ്ഥിതി പ്രവർത്തകനുമായ ശ്രീ ശശിധരൻ മാനേകരയും സിക്ക് ഡയറക്ടർ ശ്രീ പത്മനാഭൻ മാഷും ക്യാമ്പിന് നേതൃത്വം നൽകി. അങ്ങോട്ടുള്ള യാത്രയിൽ ഞങ്ങൾ പലതരം പക്ഷികളെ കണ്ടും കേട്ടും സഞ്ചരിച്ചു. ആകാശത്തുകൂടി പറക്കുന്ന ഓരോ പക്ഷിയേയും കുറ്റിക്കാടുകൾക്കുള്ളിൽ നിന്ന് കേൾക്കുന്ന

ഓരോ ശബ്ദവും ഏത് കിളിയുടേതാണെന്ന് തിരിച്ചറിഞ്ഞും ശശിധരൻ മാഷ് ഞങ്ങൾക്ക് വിശദീകരിച്ച തന്നു. എല്ലാ ദിവസവും വഴിയരികിലൂടെ നടക്കുമ്പോൾ നമ്മൾ കാണുന്ന ഓരോ മരത്തിന്റെയും പേരും അതിന്റെ സവിശേഷതകളും പ്രകൃതിയിലെ അതിന്റെ ധർമ്മങ്ങളും പത്മനാഭൻ മാഷ് വിശദീകരിച്ചപ്പോൾ പലരുടെയും കണ്ണുകൾ അത്ഭുതം കൊണ്ട് വിടരുകയായിരുന്നു. അങ്ങനെ വൈകുന്നേരം 5 30 ഓടുകൂടി ഞങ്ങൾ പാറയുടെ മുകളിൽ എത്തി .അവിടെ നിന്ന് സൂര്യാസ്തമയം കണ്ടശേഷം ഭൂഗർഭജലത്തെക്കുറിച്ചും അതിന്റെ നിക്ഷേപത്തിൽ പാറകൾക്കുള്ള പങ്കിനെക്കുറിച്ചും അറിയാൻ സാധിച്ചു. പരുപരുത്ത പാറപ്പുറത്ത് ഇരുന്നും കിടന്നും പ്രകൃതിയെ ധ്യാനപൂർവ്വം അറിയാൻ പത്മനാഷ് നൽകിയ നിർദ്ദേശത്തെ ഞങ്ങൾ ഏറ്റെടുത്തു. ഓരോ നിമിഷവും പ്രകൃതിയിൽ കാണുന്ന മാറ്റത്തെ ഞങ്ങൾ തിരിച്ചറിഞ്ഞു. പ്രകൃതിയാണ് ഏറ്റവും വലിയ പാഠപുസ്തകം എന്ന തിരിച്ചറിവ് ഞങ്ങൾക്കുണ്ടായി ശേഷം ഞങ്ങൾ താമസിക്കുന്ന വീട്ടിലേക്ക് മടങ്ങി. വീട്ടിൽ സജ്ജീകരിച്ച പ്രൊജക്ടറിൽ പക്ഷികളുടെ ചിത്രങ്ങളും വീഡിയോയും കാണിച്ചുകൊണ്ട് ശശിധരൻ മാഷ് പക്ഷികളുടെ വിസ്മയലോകം ഞങ്ങളുടെ മുമ്പിൽ തുറന്നുതന്നു . അദ്ദേഹം പകർത്തിയ വേഴാമ്പലിന്റെ ജീവിതരീതി വെളിപ്പെടുത്തുന്ന വീഡിയോ കുട്ടികൾ അത്ഭുതത്തോടെയാണ് കണ്ടത്.

ചിത്രങ്ങളും വീഡിയോയും കണ്ട് പരിചയപ്പെട്ട പക്ഷികളെ നേരിട്ട് കാണാൻ പ്രഭാതത്തിൽ ഞങ്ങൾ ഒരുങ്ങിയിറങ്ങി. സാധാരണ ഉള്ളതിനേക്കാൾ കൂടിയ തണുപ്പും ഞങ്ങൾ ആസ്വദിക്കുന്നുണ്ടായിരുന്നു. പാറപ്പുറത്തു കൂടി നിശബ്ദം അമ്പതോളം പേർ നടക്കുക എന്നത് തന്നെ ഞങ്ങൾ കുട്ടികൾക്ക് ഏറെ വിസ്മയകരമായിരുന്നു. നടന്ന് നാടന്ന് ഞങ്ങൾ എത്തിയത് വിശാലമായ ബിരിക്കുളം വയലിലേക്കാണ്. നല്ല മഞ്ഞും തണുപ്പും ഉണ്ടായിരുന്നെങ്കിലും അതിലും എത്രയോ വലുതായിരുന്നു ശശിധരൻ മാഷ് ഞങ്ങൾക്ക് മുന്നിൽ തുറന്നു തന്ന വിസ്മയച്ചെപ്പ്. വെളിച്ചം പരക്കുകയും വെയിലിന്റെ ചൂടുകൂടുകയും ചെയ്തപ്പോൾ പക്ഷികൾ മാറി മാറി വന്നത് ഞങ്ങൾ ശ്രദ്ധിച്ചു. 9 മണിക്ക് സ്കൂളിൽ എത്തണം എന്നത് ഒരു ഭീഷണിയായി ആരുടേയോ ശബ്ദത്തിൽ ഉയർന്നപ്പോൾ എല്ലാവരുടെ മുഖത്തും നിരാശ നിഴലിച്ചു. പതുക്കെ വളരെ പതുക്കെ ഞങ്ങൾ തിരിച്ചു നടന്നു. വീണ്ടും പ്രകൃതിയെ അറിയാൻ ഒത്തുകൂടാം എന്ന് ആഗ്രഹിച്ചു കൊണ്ട്.

അതെ ഞങ്ങൾ ഇനിയും ഒത്തുചേരും. ഏതെങ്കിലും പച്ചപ്പിൽ ......

ഒരു കുഞ്ഞു മരത്തണലിൽ ......

ഒരു പുഴയോരത്ത്...

ആർത്തി പൂണ്ട ലോകം എല്ലാറ്റിനേയും വിഴുങ്ങുന്നതിന് മുമ്പ് ......

കവിത



*ശിഖ.പി 7B*

## പാപം

*എങ്ങുപോയെങ്ങുപോയി നന്മകൾ*
*എങ്ങുപോയെങ്ങുപോയ് പച്ചനിറം*
*എന്തേ പ്രകൃതി ഉണരാൻ പ്രയാസം?*
*എന്ത്ചെയ്തു നിന്നെ പാപികൾ*
*നമ്മളാം ചിലർ*
*ചെയ്തുപോയ പാപത്താൽ*
*പാവം പ്രകൃതി തേങ്ങുന്നു ...*
*അസുരൻമാരാരോ  മന്ദഹസിക്കുന്നു*
*പാവം പ്രകൃതിതൻ നാശത്താൽ*

കഥ



# ദാമു എന്ന കച്ചവടക്കാരൻ

*അനാമിക രാഹുൽ 6B*

ഒരു ചെറിയ ഗ്രാമത്തിലെ സ്കൂളിന്റെ അടുത്ത് ഒരു ചെറിയ കടയുണ്ടായിരുന്നു . അവിടുത്തെ കച്ചവടക്കാരന്റെ പേര് ദാമു എന്നായിരുന്നു .ദാമുവിൻെറ സ്വന്തം കടയായിരുന്നു അത് . ഒരു ദിവസം രാവിലെ ദാമു കട തുറന്ന് എല്ലാ സാധനങ്ങളും എടുത്ത് വെച്ച് ഇരിക്കുവോൾ ദാമുവിന്റെ കടയിലേക്ക് ഒരു കുട്ടി ഓടി വന്നു .എന്നിട്ട് ചോദിച്ചു, ചേട്ടാ എനിക്ക് കുറച്ചു വെള്ളം തരുമോ?.... ദാമു പെട്ടന്ന് വെള്ളം എടുത്തു കൊടുത്തു .എന്നിട്ട് ചോദിച്ചു .മോളെ നീ എന്തിനാ ഓടിയത്?... കുട്ടി പറഞ്ഞു .എന്നെ ഒരു പട്ടി ഓടിച്ചു കടിച്ചു. എന്നിട്ട് എന്തെങ്കിലും പറ്റിയോ? ദാമു കുട്ടിയോട് ചോദിച്ചു... .ചെറിയ മുറിവ് പറ്റിയിട്ടുണ്ട് ....അത്കേട്ട് ദാമുവിന് സങ്കടമായ് .എന്നാൽ ആശുപത്രിയിലേക്ക് പോകാം.... ദാമു പറഞ്ഞു... കടയിൽ നിന്നും കുറച്ച് പൈസ എടുത്ത് ദാമു കുട്ടിയുമായി ആശുപത്രിയിലേക്ക് പോയി ...ആശുപത്രിയിൽ നിന്ന് ഒരു ഇഞ്ചക്ഷൻ എടുത്ത് മരുന്ന് വെച്ച്കെട്ടി കുട്ടിക്ക് ആശ്വാസമായി .ദാമു കുട്ടിയെ വീട്ടിൽ എത്തിച്ചു അവൾക് 'അമ്മ മാത്രമേ ഉള്ളു 'അമ്മ ദാമുവിനോട് പറഞ്ഞു ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല.... ദാമു അവിടെ നിന്ന് കടയിലേക്കു പോയി ആ കുട്ടിയെ രക്ഷിക്കാൻ പറ്റിയതിന്റെ സന്തോഷം ദാമുവിന്റെ മനസ്സിൽ ഉണ്ടായിരുന്നു

# ഒരിക്കൽ



ടി വി സതീഷ് ബാബു

(അധ്യാപകൻ)

കടൽ ആകാശത്തിനോട്
ചോദിച്ചു.
എന്റെ ഉള്ള നിറയേ നീയാണ്.
എന്നിട്ടും നീയെന്താണ്
അങ്ങ് മേലേ
എന്റെ ആഴങ്ങളിൽ
മുഖം നോക്കിക്കൊണ്ട് നിൽക്കുന്നത്.
ആകാശം പറഞ്ഞു.
നിന്റെ ആഴങ്ങളെ എനിക്ക് ഭയമാണ്.
അതിൽ നിറയെ ചുഴികളുണ്ട്.
തിരമാലകളുടെ ഗർഭസഞ്ചി.
അതിന്റെ ജീർണത
എന്റെ വെൺമയിൽ മഷിയെഴുതും.
എനിക്കുണ്ട്
നീ കാണാത്ത
വെൺമേഘ പാളികൾ പാറി നടക്കുന്ന
മറ്റൊരാകാശം.
അതിന്റെ ഉയരങ്ങളിൽ
ഞാനെന്റെ യാഗാശ്വങ്ങളെ
മേയാൻ വിടും
അതിന്റെ പുറത്തേറി
ഞാനെന്റെ
സ്വർഗങ്ങളിൽ ചെന്നു പറ്റും.

# പിന്നിടൊരിക്കൽ

ആകാശം കടലിനോട് ചോദിച്ചു.

എത്ര കാലമായി നിന്റെ ആഴങ്ങളിൽ

മുഖം പൂഴ്ത്തി ഞാനിങ്ങനെ......

എന്നിട്ടും നിയെന്തേ

അകലെയുള്ള എന്റെ നിഴലിനെ നോക്കി നെടുവീർപ്പിടുന്നു.

കടൽ പറഞ്ഞു.

എന്റെ ആഴങ്ങളിലെ നിഴലോ

ഉയരങ്ങളിലെ നീയോ

ഇതിൽ ഏതായിരുന്നു യഥാർഥ നീ .

കരിമേഘങ്ങൾ ഉരുണ്ടു കൂടിയ

നിന്റെ പിന്നാമ്പുറത്തു നിന്ന്

വിശുദ്ധിയുടെ ശവഗന്ധവുമായി

എന്റെ ആഴങ്ങളിലെ

ജീർണതയിലേക്ക്

പരിവാരങ്ങളില്ലാതെ

നീ ഇറങ്ങി വന്നപ്പോൾ

ഞാൻ ചിരിക്കുകയായിരുന്നോ

കരയുകയായിരുന്നോ .

നിന്റെ ചുണ്ടുകൾ

കൊണ്ട്

എന്റെ ചുണ്ടുൾക്ക്

താഴിട്ടപ്പോൾ

ഞാൻ ഘനീഭവിച്ചു.

നിന്നിൽ ........





ദീപ പ്രമോദ്

(അധ്യാപിക)

# എഡിറ്റോറിയൽ

1. ഫാത്തിമ ഹന്നത്ത്
2. മുബഷിറ . ടി.പി.
3. യദുകൃഷ്ണൻ കെ
4. നിധീഷ് . എം.ആർ
5. ഷർമിന. സി.എച്ച്
6. ഫാത്തിമത്ത് സഫ്ന
7. റിഫായി ഹമീദ്
8. മുഹമ്മദ് സഹദ്.എൻ
9. മുഹമ്മദ് സഹൽ . കെ.പി
10. ആകാശ് . വി
11. സാജിദ.കെ.
12. എബിൻ സി. പീറ്റർ
13. ഫാത്തിമ. എസ്
14. നുഐമത്ത് തസ്രീഫ
15. ഫമ്ന പി
16. റിയാന .എൽ
17. തമന്ന.പി.
18. ഫാത്തിമ റജ .യു.എം
19. മുഹമ്മദ് സിനാൻ എം.സി
20. ഫാത്തിമത്ത് നിഹ .കെ. പി.
21. ഹാജ്റ ബീവി .എം .എ
22. ആൽബ്രട്ടോ അജീഷ്
23. മിസ്ബാഹ് . സി.എച്ച്.
24. അബ്ദുൾ നാഫി .പി.എ
25. മുഹമ്മദ്
26. ഫായിസ് .സി.എച്ച്
27. നന്ദന. കെ.
28. ആദി ലക്ഷ്മി.എം.

**കവർ ചിത്രം : സൂര്യനന്ദൻ 9B**

ഓർമ്മകൾ കടമെടുക്കുമ്പോൾ

കരുതലായ് വേണം നന്മകൾ.......................

........ശുഭം............